# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം T 2058 08.03.2018- ൽ മറുപടിക്ക്

**മാവേലിക്കര-കണ്ടിയൂരിലെ പ്രവർത്തനം നിലച്ച കൈത്തറി വ്യവസായ യൂണിറ്റ്**

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | ഉത്തരം<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലിക്കര നഗരസഭയിൽ സ്ഥിതി ചെയ്യുന്ന കണ്ടിയൂരിലെ പ്രവർത്തനം നിലച്ച കൈത്തറി വ്യവസായ യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) കണ്ടിയൂരിൽ സ്ഥിതി ചെയ്യുന്ന മാവേലിക്കര ഹാന്റ്‌ലൂം വീവേഴ്സ് ഐ.സി.എസ് ലി.നം.എ (എച്ച്)1 പ്രവർത്തനരഹിതമായിക്കിടന്നതിനെ തുടർന്ന് 08.03.2012 ൽ ചേർന്ന പൊതുയോഗം ലിക്വിഡേഷന് ശുപാർശ ചെയ്യുകയും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 10.09.2012 ലെ സി/994/12 നമ്പർ ഉത്തരവ് പ്രകാരം സംഘം ലിക്വിഡേഷനിലാകുകയും ലിക്വിഡേറ്റർ ആയി ഹാന്റ്‌ലൂം സൂപ്പർവൈസർ, മാവേലിക്കരയെ നിയമിച്ചിട്ടുള്ളതുമാണ്. 27.09.2012 ന് ലിക്വിഡേറ്റർ ചാർജ്ജ് എടുത്തിട്ടുള്ളതും ലിക്വിഡേഷൻ നടപടികൾ നടന്നുവരുന്നതുമാണ്. സംഘത്തിന് മാവേലിക്കര മുനിസിപ്പാലിറ്റി പരിധിയിൽ 33.91 സെന്റ് സ്ഥലവും കെട്ടിടങ്ങളും നിലവിലുണ്ട്. കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് നശിച്ച അവസ്ഥയിലാണ്. സംഘത്തിന് 2,04,600/-രൂപ സർക്കാർ ഓഹരി പങ്കാളിത്തം വകയായി സർക്കാരിലേക്ക് കുടിശ്ശികയുണ്ട്. സംഘം വക സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മരങ്ങളുടെ വിലനിർണ്ണയം അസി.കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നടത്താത്തതു മൂലവും മാവേലിക്കര തഹസിൽദാർ സ്ഥലം അളന്ന് തിട്ടപ്പെടുത്താത്തതു മൂലവും ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. |

| | |
|---|---|
| (ബി) പ്രസ്തുത സ്ഥലം ഉപയോഗപ്രദമാക്കാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; | (ബി) സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ നടന്നുവരികയായതിനാൽ പ്രസ്തുത സ്ഥലം ഉപയോഗപ്രദമാക്കാൻ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആർക്കാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) സംഘം ലിക്വിഡേഷനിലായതിനാൽ സംഘം വക സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ സംഘം ലിക്വിഡേറ്ററായ മാവേലിക്കര ഹാന്റ്‌ലൂം ഇൻസ്പെക്ടറിൽ നിക്ഷിപ്തമാണ്. |

**സെക്ഷൻ ഓഫീസർ**